**പശ്ചിമഘട്ടത്തിലെ സംരക്ഷിതമേഖലകൾക്കും കടുവാസങ്കേതങ്ങൾക്കും പുറത്ത് അതിലേറെ ലോലമായ, എന്നാൽ മനുഷ്യരുടെ തുടർച്ചയായ കടന്നുകയറ്റം അതിരുകടന്നിരിക്കുന്ന നിരവധി പരിസ്ഥിതി ലോലപ്രദേശങ്ങളുണ്ട്. വിഭവങ്ങളുടെ വഹനക്ഷമത കണക്കിലെടുത്തുകൊണ്ടുള്ള വികസന/സംരക്ഷണ പ്രവർത്തനങ്ങളാണ് അവിടെ നടക്കേണ്ടതെന്ന് ഡോ. എ. ലത**

# വഹനക്ഷമതയും വികസനവും

**പരിസ്ഥിതി** ലോലപ്രദേശം (Ecologically Sensitive Areas - ESAs) എന്ന വാക്ക് കേരളീയർക്ക് അത്ര പരിചിതമായിരുന്നില്ല; പ്രൊഫ. മാധവ് ഗാഡ്ഗിൽ നയിക്കുന്ന പശ്ചിമഘട്ട വിദഗ്ദ്ധ സമിതി റിപ്പോർട്ട് ഒരു ചർച്ചാവിഷയമാകുന്നതു വരെ. ആറ് പ്രധാന ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് മുൻ കേന്ദ്രവനം-പരിസ്ഥിതി മന്ത്രി പശ്ചിമഘട്ട വിദഗ്ദ്ധ സമിതിക്ക് രൂപം നൽകിയത്. 1986ലെ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം പരിസ്ഥിതി ലോലപ്രദേശങ്ങളായി പ്രഖ്യാപിക്കേണ്ട സ്ഥലങ്ങൾ കണ്ടെത്തി ലിസ്റ്റ് ചെയ്യുക. ജനങ്ങളും ഗവൺമെന്റുകളും ഒക്കെ ചേർന്ന് നടത്തുന്ന അന്വേഷണങ്ങൾക്കും വിശകലനങ്ങൾക്കും ശേഷം പശ്ചിമഘട്ടത്തെ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുക. 1986ലെ നിയമനുസരിച്ച് തന്നെ പശ്ചിമഘട്ട പരിസ്ഥിതി അതോറിറ്റി രൂപീകരിക്കുകയും നടപടിക്രമങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക. ഈ അതോറിറ്റി പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനും സുസ്ഥിരവികസനം ഉറപ്പുവരുത്തുന്നതിനുമായുള്ള ഒരു വിദഗ്ദ്ധസമിതിയായിരിക്കും. എന്നിവയാണ് അതിൽ പ്രധാനപ്പെട്ടവ.

എന്നാൽ ഇന്ത്യയിൽ പരിസ്ഥിതി ലോലപ്രദേശമെന്നത് ഒരു പുതിയ വാക്കല്ല. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം മുമ്പും പല പ്രദേശങ്ങളെയും ലോലമേഖലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. മാത്തേരൻ, മഹാബലേശ്വർ-പഞ്ചാഗ്നി എന്നീ രണ്ട് പ്രദേശങ്ങൾ പശ്ചിമഘട്ടത്തിൽ ഏറ്റവും ചർച്ച ചെയ്യപ്പെട്ട പരിസ്ഥിതി ലോല മേഖലകളാണ്. മഹാരാഷ്ട്രയിലെ മാത്തേരൻ എന്ന അതിലോലമേഖലയുടെ നാശം തടയാൻ പാരിസ്ഥിതിക പ്രവർത്തകരും സംഘടനകളും തുടർച്ചയായി നടത്തിയ സമ്മർദ്ദങ്ങളുടെ ഫലമായി ഇവിടം പരിസ്ഥിതി ലോലപ്രദേശമായി പ്രഖ്യാപിച്ചു. എന്നാൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ പശ്ചിമഘട്ടത്തിലെ മുഴുവൻ പാരിസ്ഥിതിക ലോലമേഖലകൾ പ്രഖ്യാപിക്കാനുള്ള ശ്രമം നടക്കുന്നത് ഇതാദ്യമായാണ്.

### മറ്റ് സംരക്ഷിത മേഖലകളെ അപേക്ഷിച്ച് പരിസ്ഥിതി ലോലപ്രദേശങ്ങൾക്കുള്ള പ്രത്യേകത

ഇന്ത്യയിൽ ഏകദേശം 1, 61, 2257 ച. കി. മീ. പ്രദേശത്ത് 668-ഓളം സംരക്ഷിത മേഖലകളുടെ ഒരു ശൃംഖലയാണുള്ളത്. മൊത്തം ഭൂപ്രദേശത്തിന്റെ 94 ശതമാനം വരുന്ന ഈ ശൃംഖലയിൽ 102 ദേശീയോദ്യാനങ്ങളും 515 വന്യമൃഗസങ്കേതങ്ങളും 47 സംരക്ഷിത റിസർവ്വുകളും 4 കമ്മ്യൂണിറ്റി റിസർവ്വുകളുമാണുള്ളത്. ഇവയിൽ മിക്കതും പശ്ചിമഘട്ടപ്രദേശത്താണ് വരുന്നത്. ഇതു കൂടാതെ 38 കടുവാ സംരക്ഷണ കേന്ദ്രങ്ങളും 28 ആന സംരക്ഷിത കേന്ദ്രങ്ങളും ഇവിടെ ഉൾപ്പെടുന്നു. വന്യസങ്കേതങ്ങളിൽ



**വികസനത്തിന്റെ തോത് ഒരു മേഖലയ്ക്ക് ഭീഷണിയാകുമ്പോഴോ, വികസനം അടിസ്ഥാനപരമായി ഒരു പ്രദേശത്തിന്റെ സ്വാഭാവിക പരിസ്ഥിതിയിൽ മാറ്റം വരുത്തുകയോ ചെയ്യുമ്പോഴാണ് ആ പ്രദേശം പരിസ്ഥിതി ലോലപ്രദേശമായി പ്രഖ്യാപിക്കപ്പെടുന്നത്**

ജീവിക്കുന്ന ആളുകൾക്ക് ചില അവകാശങ്ങൾ അനുവദിച്ചു കൊടുത്തിട്ടുണ്ട്. എന്നാൽ ദേശീയോദ്യാനങ്ങളിലെ സുപ്രധാന മേഖലകളിൽ (Core Zone) മനുഷ്യവാസം ഒട്ടും സാധ്യമ ല്ല.

സംരക്ഷിതമേഖലകൾക്ക് രൂപം നൽകി അവ സംരക്ഷിച്ചു പോരുന്നത് 1972-ലെ വന്യജീവി സംരക്ഷണ നിയമമനുസരിച്ചാണ്. കൂടാതെ വനസംരക്ഷണ നിയമം (1980), പരിസ്ഥിതി സംരക്ഷണ നിയമം (1986) മുതലായ നിയമങ്ങളും ഇതിന് സഹായിക്കുന്നു. കേരളത്തിന്റെ പശ്ചിമഘട്ടത്തിൽ 6 ദേശീയോദ്യാനങ്ങളും 16 വന്യജീവിസങ്കേതങ്ങളും ഒരു കമ്മ്യൂണിറ്റി റിസർവ്വുമാണുള്ളത്.

നമ്മുടെ പശ്ചിമഘട്ടത്തിലും സംരക്ഷിതമേഖലകൾക്കും കടുവാസങ്കേതങ്ങൾക്കും പുറത്ത് അതിലേറെ ലോലമായ, എന്നാൽ മനുഷ്യരുടെ തുടർച്ചയായ കടന്നുകയറ്റം അതിരുകടന്നിരിക്കുന്ന ഒട്ടേറെ സ്ഥലങ്ങളുണ്ട്. അത്തരം സ്ഥലങ്ങൾ പരിസ്ഥിതി പ്രത്യാഘാതങ്ങളെക്കുറിച്ചാലോചിക്കാതെ നടക്കുന്ന, അവയ്ക്ക് താങ്ങാൻ കഴിയുന്നതിനപ്പുറമുള്ള വികസനത്തിന്റെ സമ്മർദ്ദത്തിൽപ്പെട്ട് നശിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ രണ്ട് പ്രധാന ചുമതലകളാണ് നമുക്കുള്ളത്. പാരിസ്ഥിതിക പ്രാധാന്യമുള്ള ഇത്തരം സ്ഥലങ്ങളിൽ ജീവിക്കുന്നവരെ മാറ്റിപ്പാർപ്പിക്കാതെ അവരുടെ പങ്കാളിത്തത്തോടു കൂടി ഈ സ്ഥലങ്ങൾ സംരക്ഷിക്കാനുള്ള പദ്ധതി തയ്യാറാക്കുക. അങ്ങനെയാണ് 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം ഇത്തരം പ്രദേശങ്ങളെ പരിസ്ഥിതി ലോലമേഖലകളാക്കാൻ തീരുമാനിച്ചത്.

പാരിസ്ഥിതികമായി ഗുരുതരാവസ്ഥയിൽപ്പെടേണ്ടതിനുള്ള ഒന്നാമത്തെയും രണ്ടാമത്തെയും മാനദണ്ഡങ്ങളിൽപ്പെടുന്ന സ്ഥലങ്ങളാണ് പാരിസ്ഥിതികലോലമേഖലകളിൽ വരിക. വികസനത്തിന്റെ തോത് ഒരു മേഖലയ്ക്ക് ഭീഷണിയായിത്തീരുമ്പോഴോ, വികസനം അടിസ്ഥാനപരമായി ഒരു പ്രദേശത്തിന്റെ സ്വാഭാവികപരിസ്ഥിതിയിൽ മാറ്റം വരുത്തുകയോ ചെയ്യുമ്പോഴാണ് ആ പ്രദേശം പരിസ്ഥിതി ലോലപ്രദേശമായി (Ecologically Sensitive Area -ESA) പ്രഖ്യാപിക്കപ്പെടുന്നത്. ഇക്കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് ആ പ്രദേശത്തെ വിഭവങ്ങളുടെ വഹനക്ഷമത (carrying capacity)യാണ്. ഇത് നമ്മുടെ പദ്ധതി ആസൂത്രണത്തിൽ ഒട്ടും ശ്രദ്ധിക്കാത്ത കാര്യമാണ്. എന്നാൽ വഹനക്ഷമതയെ മുന്നിൽ കണ്ടുകൊണ്ട് പദ്ധതികൾ നടപ്പിലാക്കുകയാണെങ്കിൽ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കാൻ കഴിയും. ഇത് ലക്ഷ്യമിട്ടാണ് മാത്തേരൻ, മഹാബലേശ്വർ-പഞ്ചാഗ്നി തുടങ്ങിയ സ്ഥലങ്ങൾ ESA കളായി പ്രഖ്യാപിക്കപ്പെട്ടത്. സംരക്ഷിതമേഖലകൾക്ക് ചുറ്റുമുള്ള ESA കൾ അവയുടെ ബഫർസോണുകളായും പ്രഖ്യാപിക്കപ്പെട്ടു.

1999 ഏപ്രിൽ 6ന് പ്രണാബ് സെന്നിന്റെ അദ്ധ്യക്ഷതയിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിൽ രൂപം കൊണ്ട സമിതിയാണ് പരിസ്ഥിതി മേഖലകൾക്കായുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചത്. 2000 സെപ്റ്റംബറിൽ ഈ കമ്മിറ്റി റിപ്പോർട്ട് നൽകി. ജന്തുവർഗ്ഗം (വംശനാശം നേരിടുന്നവ/സാധ്യതയുള്ളവ), ആവാസവ്യവസ്ഥകൾ (വന്യമൃഗത്താരകൾ, കാവുകൾ), ബാഹ്യഘടനാ പ്രത്യേകതകൾ (പുഴകളുടെ ഉദ്ഭവം, കുത്തനെയുള്ള ചെരിവുകൾ) എന്നിങ്ങനെ നിരവധി മാനദണ്ഡങ്ങളാണ് സമിതി കണക്കിലെടുത്തത്. ഇതു പലതും അനുസരിച്ചു തന്നെയാണ് ESA കൾ പ്രഖ്യാപിക്കപ്പെട്ടത്. മേൽപ്പറഞ്ഞ മാനദണ്ഡങ്ങളനുസരിച്ച് ഒരു പ്രദേശം പരിസ്ഥിതി ലോലമേഖലയായി പ്രഖ്യാപിച്ചു കഴിഞ്ഞാൽ അടുത്തപടി പ്രസ്തുത പ്രദേശത്തിന്റെ അതിരു തിരിക്കുക എന്നതാണ്. ഇതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി വിശദമായ ചർച്ചകളും പരിശോധനകളും ആവശ്യമാണ്. ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ- സാമൂഹിക തർക്കങ്ങളും മുന്നിൽക്കാണേണ്ടതാണ്. ജനസംഖ്യയും മനുഷ്യവാസവും കൂടുതലുള്ള കേരളത്തിലെ കാടുകളിൽ ESA കൾ പ്രഖ്യാപിക്കുമ്പോൾ അത് മനുഷ്യരെ മാറ്റിപ്പാർപ്പിക്കാതെ, വികസനത്തിന് തടസ്സം വരാതെ, ഓരോ വിഭവങ്ങളുടെ വഹനക്ഷമതയ്ക്കനുസരിച്ച് എങ്ങനെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യാമെന്നാലോചിക്കേണ്ടതാവശ്യമാണ്. ഒരു ESA യിൽ ഒന്നിലധികം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വരാം. അതിനാൽ ആസൂത്രണത്തിന്റെ ശരിയായ ഏകോപനവും അത്യാവശ്യമാണ്. ESA ആയി പ്രഖ്യാപിക്കപ്പെട്ട ഒരു പ്രദേശത്ത് ESA ആസൂത്രണ പദ്ധതി അനുസരിച്ചാണ് കാര്യങ്ങൾ മുന്നോട്ടു പോകുക. ഈ പദ്ധതിയിൽ ഭൂവിനിയോഗം, ജലവിഭവങ്ങളുടെ വിനിയോഗം, കൃഷി, മൃഗസംരക്ഷണം, വനം, മത്സ്യബന്ധനം, ജൈവവൈവിധ്യം, ഖനനം, ഊർജ്ജം, റോഡുകളും ഹൈവേകളും, ടൂറിസം എന്നിവയെല്ലാം ഉൾപ്പെടുന്നു.

(പരിഭാഷ: സബ്ന)